# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1531.

11.2.2013-ൽ മറുപടിക്ക്

## അന്യസംസ്ഥാനത്തു നിന്നുമുള്ള പാലിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെന്റ് | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനത്തുനിന്നും കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്റ്റ് 2006 നിലവിൽ വന്നതോടുകൂടി പാൽ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് നിയമനടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ആയതിൻ പ്രകാരം അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ സാമ്പിളുകൾ ഉൾപ്പെടെ മാർക്കറ്റിൽ ലഭ്യമാകുന്ന പാൽ സാമ്പിളുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബിൽ പരിശോധിക്കാറുണ്ട്. പാലിന്റെ ഉപഭോഗം കൂടുന്ന ഓണം പോലുള്ള ഉത്സവ കാലത്ത് ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകളുടെ നേതൃത്വത്തിൽ അന്യസംസ്ഥാനത്തു നിന്നു വരുന്ന പാൽ പരിശോധനയ്ക്കായി എടുക്കാറുണ്ട്. അത്തരത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലിൽ ഫോർമാലിൻ കണ്ടെത്തിയതിനെ തുടർന്ന് ഹെറിറ്റേജ് പത്മനാഭ, മെയ്യ, ജേഷ്ഠ, കെ.സി.എ, ഒയ എന്നീ പാൽ ബ്രാൻഡുകൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. |
| (ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച പ്രധാന നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ? | (ബി) പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി എന്നിവയും സങ്കരയിനം പശുക്കളെ അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങി നൽകുന്ന എം എസ് ഡി പി, കറവയന്ത്രം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ബോധവത്കരണ പരിപാടികൾ തുടങ്ങി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ക്ഷീരസുരക്ഷാ പദ്ധതി എന്നിവയും നൽകിവരുന്നുണ്ട്. ഇതിനു പുറമെ മിൽമയുടെ രണ്ട് കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും, ഡയറി ഫാമുകൾ |

വികസിപ്പിക്കുന്നതിനുള്ള സഹായം, കന്നുകുട്ടി പരിപാലന പരിപാടി, കാലിത്തീറ്റ സബ്സിഡി, അധികപാൽ വില നൽകൽ എന്നീ പദ്ധതികൾ മിൽമ നടപ്പിലാക്കുന്നുണ്ട്. പാലുല്പാദനം വർദ്ധിപ്പിക്കുവാൻ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നി പദ്ധതികൾ മിൽമ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടാതെ കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം. കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്രവിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധന സഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും പാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ